## <u>അച്ചടി വകുപ്പ് ഡയറക്ടറുടെ നടപടിക്രമം</u>

<u>(ഹാജർ, എ.ജയിംസ് രാജ്)</u>

തിരുവനന്തപുരം

നമ്പർ. 5515/2017/ഇ8/ഡിപി തീയതി. 15.07.2020

വിഷയം:- അച്ചടി വകുപ്പ് - ജീവനക്കാര്യം - ജനറൽ ഫോർമാൻ തസ്തികയിലെ സ്ഥാനക്കയറ്റം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1. കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ 16.02.2015, 11.12.2019 തീയതികളിലെ RIA (1) 24525/08/GW നമ്പർ കത്തുകൾ.

2. അച്ചടി വകുപ്പ് ഡയറക്ടറുടെ 11.03.2020, 09.06.2020 തീയതികളിലെ 11297/2013/ഇ8/ഡിപി നമ്പർ കത്തുകൾ.

3. ശ്രീമതി.ഐ.എസ്.സുധയുടെ 15.07.2020-ലെ സത്യവാങ്മൂലം.

### <u>ഉത്തരവ്</u>

അച്ചടി വകുപ്പിന്റെ കീഴിലുള്ള വാഴൂർ ഗവൺമെന്റ് പ്രസ്സിലെ ജനറൽ ഫോർമാനായ ശ്രീ.എം.ഹരിലാൽ, തിരുവനന്തപുരം സർക്കാർ മുദ്രനിർമ്മാണശാലയിലെ ജനറൽ ഫോർമാൻ ശ്രീമതി.എൽ.പ്രസന്നകുമാരി അമ്മ എന്നീ ജീവനക്കാർ 31.05.2020-ൽ സേവനത്തിൽ നിന്നും വിരമിച്ച സാഹചര്യത്തിൽ ടി വകുപ്പിൽ ജനറൽ ഫോർമാൻ തസ്തികയിൽ രണ്ട് ഒഴിവുകൾ സംജാതമായിട്ടുണ്ട്. എന്നാൽ പ്രസ്തുത ഒഴിവുകളിൽ വാഴൂർ ഗവൺമെന്റ് പ്രസ്സിലെ ജനറൽ ഫോർമാൻ തസ്തിക അച്ചടി വകുപ്പിൽ നിലവിലുണ്ടായിരുന്ന 10 ജനറൽ ഫോർമാൻമാരുടെ ഒഴിവുകളിലേയ്ക്ക് പരാമർശം (1) ലെ 6.02.2015-ലെ കത്ത് പ്രകാരം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ശിപാർശ ചെയ്ത ദ്യോഗാർത്ഥികൾക്ക് നിയമന ഉത്തരവ് നൽകുകയും എന്നാൽ പ്രസ്തുത ലിസ്റ്റിലെ ഒരു ഉദ്യോഗാർത്ഥി നിലവിൽ മറ്റൊരു വകുപ്പിൽ ജോലി ചെയ്തു വരുന്ന സാഹചര്യത്തിൽ ടിയാളെ ഒഴിവാക്കുകയും ആ വിവരം കേരള പബ്ലിക് സർവ്വീസ് കമ്മീഷനെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ റാങ്ക് ലിസ്റ്റിന്റെ കാലാവധി അവസാനിച്ചതിനാൽ പ്രസ്തുത എൻ.ജെ.ഡി. ഒഴിവ് നികത്തുവാൻ നിർവ്വാഹമില്ലായെന്ന് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ അറിയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ നിലവിലുള്ള വിശേഷാൽ ട്ട പ്രകാരം ജനറൽ ഫോർമാൻ തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റത്തിനായി വകുപ്പിൽ നിലവിലുള്ള ടി തസ്തികയുടെ പോഷക തസ്തികയിൽ നിന്നും യോഗ്യത നേടിയ ഉദ്യോഗസ്ഥന് സ്ഥാനക്കയറ്റം നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത എൻ.ജെ.ഡി ഒഴിവ് കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യേണ്ടതാണെന്നും ഒരിക്കൽ കമ്മീഷന് റിപ്പോർട്ട് ചെയ്ത ഒഴിവുകളിൽ കുറവു വരുത്തുവാൻ വകുപ്പിന് അധികാരമില്ലായെന്നും അതിനാൽ അടിയന്തിരമായി പ്രസ്തുത എൻ.ജെ.ഡി. ഒഴിവ് പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യുവാൻ പരാമർശം (1) ലെ 11.12.2019-ലെ കത്ത് പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ടി വിഷയത്തിൽ സ്പഷ്ടീകരണത്തിനായി പരാമർശം 2) പ്രകാരം സർക്കാരിലേയ്ക്ക് കത്തുകൾ അയച്ചിട്ടുണ്ട്. ടി സാഹചര്യം നിലനിൽക്കേ പെൻഷന്റെ പരിഗണന നൽകി ശ്രീ.എം.ഹരിലാലിന് ജനറൽ ഫോർമാനായി സ്ഥാനക്കയറ്റം നൽകിയത്.

മേൽ സാഹചര്യത്തിൽ ശ്രീമതി.ഐ.എസ്.സുധയ്ക്ക് താൽക്കാലികമായി സ്ഥാനക്കയറ്റം നൽകവാനും പി.എസ്.സി. വഴിയോ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയോ മറ്റ് നേരിട്ടുള്ള നിയമനം വഴിയോ ജനറൽ ഫോർമാൻ തസ്തികയിലേയ്ക്ക് നിയമനം നൽകി/ലഭിച്ച ഏതെങ്കിലും വ്യക്തി ഹാജരാകുന്ന പക്ഷം സീനിയർ ഫോർമാൻ തസ്തികയിലേയ്ക്ക് തരംതാഴ്ത്തപ്പെടുന്നതിന് തയ്യാറാണെന്ന വ്യവസ്ഥയിൻമേൽ ശ്രീമതി.ഐ.എസ്.സുധയ്ക്ക് ജനറൽ ഫോർമാൻ തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം. | പേര്/തസ്തിക/കാര്യാലയം | സ്ഥാനക്കയറ്റം | നിയമിക്കപ്പെടുന്ന കാര്യാലയം/ തസ്തിക/ ശമ്പള സ്കെയിൽ | ഒഴിവിന്റെ വിവരം |
|---|---|---|---|---|
| 1. | ശ്രീ.വി.പി.ബാബു, സീനിയർ ഫോർമാൻ (കംപോസിംഗ്), ഗവ.പ്രസ്സ്, എറണാകുളം | സ്ഥാനക്കയറ്റം | ജനറൽ ഫോർമാൻ (32300-68700) രൂപ ഗവ. പ്രസ്സ്, വാഴൂർ | ശ്രീ.എം.ഹരിലാൽ 31.05.2020-ൽ സേവനത്തിൽ നിന്നും വിരമിച്ച ഒഴിവിൽ |
| 2. | ശ്രീമതി.ഐ.എസ്.സുധ, സീനിയർ ഫോർമാൻ (കംപോസിംഗ്), ഗവ. സെൻട്രൽ പ്രസ്സ്, തിരുവനന്തപുരം | സ്ഥാനക്കയറ്റം | ജനറൽ ഫോർമാൻ (32300-68700) രൂപ സർക്കാർ മുദ്ര നിർമ്മാണശാല, തിരുവനന്തപുരം | ശ്രീമതി.എൽ. പ്രസന്നകുമാരി അമ്മ 31.05.2020-ൽ സേവനത്തിൽ നിന്നും വിരമിച്ച ഒഴിവിൽ |

സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാരെ അവരെ നിയമിക്കപ്പെട്ട കാര്യാലയങ്ങളിൽ ജോലിയിൽ പ്രവേശിക്കണമെന്ന നിർദ്ദേശത്തോടെ ബന്ധപ്പെട്ട ഓഫീസ് മേധാവികൾ ഉടൻതന്നെ വിടുതൽ ചെയ്യേണ്ടതുമാണ്. സ്ഥലംമാറ്റപ്പെട്ട ജീവനക്കാർക്ക് ചേരുംകാലത്തിനും യാത്രാബത്തയ്ക്കുമുള്ള അർഹത നിയമാനുസൃതമായിരിക്കും.

ഒപ്പ്/-,

അച്ചടി വകുപ്പ് ഡയറക്ടർ.

ബന്ധപ്പെട്ട വ്യക്തികൾക്ക്.

ഡെപ്യൂട്ടി സൂപ്രണ്ട് (ജനറൽ), ഗവ. സെൻട്രൽ പ്രസ്സ്, തിരുവനന്തപുരം.

ഡെപ്യൂട്ടി സൂപ്രണ്ട്, സർക്കാർ മുദ്രനിർമ്മാണശാല, തിരുവനന്തപുരം./ഗവ. പ്രസ്സ്, എറണാകുളം./വാഴൂർ.

പകർപ്പ്:- അച്ചടി വകുപ്പ് ഡയറക്ടറുടെ സി.എ./ഗവ.പ്രസ്സുകളുടെ സൂപ്രണ്ടിന്റെ സി.എ./ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ./അക്കൗണ്ട്സ് ഓഫീസർ./ സീനിയർ സൂപ്രണ്ട്./ ഓഫീസ് മാനേജർ./ജൂനിയർ സൂപ്രണ്ട്.ഇ II./ എ I./ഹെഡ് ക്ലാർക്ക് (എസ്റ്റാബ്ലിഷ്മെന്റ്)./ജിസിപി.ഇ 1 സീറ്റ്./ഫയൽ./കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം,

സീനിയർ സൂപ്രണ്ട്.

AI DUAL CAMERA
Shot on realme 3 Pro